**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1546** **04-07-2022 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ റീസർവ്വേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ വിവിധ വില്ലേജുകളിലെ റീസർവ്വേ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | മണലൂർ നിയോജക മണ്ഡലത്തിൽ തൃശ്ശൂർ, ചാവക്കാട്, കുന്നംകുളം എന്നീ താലൂക്കുകളിലെ 23 വില്ലേജുകൾ ഉൾപ്പെട്ടുവരുന്നതിൽ ചൂണ്ടൽ, ഏങ്ങണ്ടിയൂർ എന്നീ വില്ലേജുകളുടെ റീസർവ്വെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഏതെങ്കിലും വില്ലേജുകളിൽ റീസർവ്വേ പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ബി) | മണലൂർ നിയോജക മണ്ഡലത്തിലെ ചൂണ്ടൽ വില്ലേജ് 01/01/1995 ലും, ഏങ്ങണ്ടിയൂർ വില്ലേജ് 01/11/1994 ലും റീസർവ്വെ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ റീസർവ്വേ നടപടികൾ ആരംഭിക്കാനുണ്ട്; പ്രസ്തുത വില്ലേജുകളിൽ റീസർവ്വേ നടത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) | മണലൂർ നിയോജക മണ്ഡലത്തിലെ മനക്കൊടി, വെളുത്തൂർ, പരക്കാട്, എറവ്, മണലൂർ, കാരമുക്ക്, വാടാനപ്പിള്ളി, വെങ്കിടങ്ങ്, കണ്ടശ്ശാംകടവ്(?) ഇരിമ്പ്രനെല്ലൂർ, മുല്ലശ്ശേരി, അന്നകര, പാവറട്ടി, വെൺമനാട്, എളവള്ളി, ബ്രഹ്മകുളം, തൈക്കാട്, ചാവക്കാട്, കണ്ടാണശ്ശേരി, ആളൂർ, ചിറനെല്ലൂർ എന്നീ 21 വില്ലേജുകളുടെ റീസർവ്വെ നടപടികൾ ആരംഭിക്കാനുണ്ട്. സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും സർവ്വെ റിക്കാർഡുകൾ കാലഘട്ടത്തിനനുസൃതമായി ഓൺലൈൻ സേവനം സാധ്യമാക്കുന്നതിന് ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കാത്ത 1550 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വെ നാല് വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള ബൃഹത് പദ്ധതി സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്.<br><br>പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ തൃശ്ശൂർ താലൂക്കിലെ മനക്കൊടി, കാരമുക്ക് എന്നീ വില്ലേജുകളെയും, രണ്ടാം ഘട്ടത്തിൽ ചാവക്കാട് താലൂക്കിലെ ചാവക്കാട്, ബ്രഹ്മകുളം എന്നീ വില്ലേജുകളേയും ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇതിൽ |

| | | | |
|---|---|---|---|
| | | | ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വില്ലേജുകളുടെ പ്രാരംഭഘട്ട പ്രവർത്തനമായ റിക്കാർഡ് കളക്ഷൻ സംബന്ധിച്ച Metadata കളക്ഷനും, സ്കാനിംഗ് ജോലികളും (100%) പൂർത്തിയാക്കിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള വില്ലേജുകൾ ടി പദ്ധതി ആരംഭിച്ച് ആറു മാസത്തിനകം പൂർത്തിയാക്കുകയും, അടുത്ത ആറു മാസത്തിനുള്ളിൽ രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള വില്ലേജുകളുടെ സർവ്വെ നടപടികൾ പൂർത്തിയാക്കുവാനും കഴിയുന്നതാണ്. ഡിജിറ്റൽ സർവ്വെയുടെ തുടർന്നുള്ള ഘട്ടങ്ങളിൽ ടി നിയോജക മണ്ഡലത്തിൽ നിന്നും കൂടുതൽ വില്ലേജുകളെ ഉൾപ്പെടുത്തി റീസർവ്വെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഇല്ലെങ്കിൽ ഉടൻ റീസർവ്വേ ആരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | മണലൂർ നിയോജക മണ്ഡലത്തിലെ മനക്കൊടി, വെളുത്തൂർ, പരക്കാട്, എറവ്, മണലൂർ, കാരമുക്ക്, വാടാനപ്പിള്ളി, വെങ്കിടങ്ങ്, കുണ്ടലിയൂർ, ഇരിമ്പ്രനെല്ലൂർ, മുല്ലശ്ശേരി, അന്നകര, പാവറട്ടി, വെൺമനാട്, എളവള്ളി, ബ്രഹ്മകുളം, തൈക്കാട്, ചാവക്കാട്, കണ്ടാണശ്ശേരി, ആളൂർ, ചിറനെല്ലൂർ എന്നീ 21 വില്ലേജുകളുടെ റീസർവ്വെ നടപടികൾ ആരംഭിക്കാനുണ്ട്. സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും സർവ്വെ റിക്കാർഡുകൾ കാലഘട്ടത്തിനനുസൃതമായി ഓൺലൈൻ സേവനം സാധ്യമാക്കുന്നതിന് ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കാത്ത 1550 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വെ നാല് വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള ബൃഹത് പദ്ധതി സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്.<br><br>പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ തൃശ്ശൂർ താലൂക്കിലെ മനക്കൊടി, കാരമുക്ക് എന്നീ വില്ലേജുകളെയും, രണ്ടാം ഘട്ടത്തിൽ ചാവക്കാട് താലൂക്കിലെ ചാവക്കാട്, ബ്രഹ്മകുളം എന്നീ വില്ലേജുകളേയും ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇതിൽ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വില്ലേജുകളുടെ പ്രാരംഭഘട്ട പ്രവർത്തനമായ റിക്കാർഡ് കളക്ഷൻ സംബന്ധിച്ച Metadata കളക്ഷനും, സ്കാനിംഗ് ജോലികളും (100%) പൂർത്തിയാക്കിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള വില്ലേജുകൾ ടി പദ്ധതി ആരംഭിച്ച് ആറു മാസത്തിനകം പൂർത്തിയാക്കുകയും, അടുത്ത ആറു മാസത്തിനുള്ളിൽ രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള വില്ലേജുകളുടെ സർവ്വെ |

| | | | |
|---|---|---|---|
| | | | നടപടികൾ പൂർത്തിയാക്കുവാനും കഴിയുന്നതാണ്. ഡിജിറ്റൽ സർവ്വെയുടെ തുടർന്നുള്ള ഘട്ടങ്ങളിൽ ടി നിയോജക മണ്ഡലത്തിൽ നിന്നും കൂടുതൽ വില്ലേജുകളെ ഉൾപ്പെടുത്തി റീസർവ്വെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ